ഉത്തരം

(എ)

	പൂർത്തിയാക്കിയ ദൂരം (കി. മീ.)	പുരോഗമിച്ചുവരുന്ന ദൂരം (കി. മീ.)	ചെലവായ തുക (കോടി രൂപ)
അറ്റകുറ്റപ്പണികൾ	339	335	103.14
അഭിവൃദ്ധിപ്പെടുത്തൽ	..	254	86.46

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) 142.87 കോടി രൂപ.

(ഡി) ലോകബാങ്ക് സഹായത്തോടെ, സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകളുടെ വികസന പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പ് നേരിട്ടുതന്നെയാണ് നടപ്പാക്കുന്നതെന്നതിനാൽ ചോദ്യം ഉദിക്കുന്നില്ല.

വിദേശ ഏജൻസികളിൽ നിന്നും വായ്പ എടുത്ത തുക

65 [1475] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡ് നിർമ്മാണത്തിന് വിവിധ വിദേശ ഏജൻസികളിൽനിന്നും എന്തു തുക ഇതുവരെ വായ്പയായി എടുത്തിട്ടുണ്ട്;

(ബി) ഇങ്ങനെ എടുത്ത തുകയിൽ എത്ര രൂപ ചെലവഴിക്കാതിരിക്കുകയോ വകമാറ്റി ചെലവഴിക്കുകയോ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പൊതുമരാമത്തുവകുപ്പിന്റെ കീഴിലുള്ള കെ. എസ്. ടി. പി. മുഖാന്തിരമുള്ള റോഡുവികസനത്തിന് ലോകബാങ്കിൽ നിന്ന് വായ്പയായി അനുവദിച്ചിട്ടുള്ള 1230 കോടി രൂപയിൽ നിന്ന് 142.87 കോടി രൂപ വലിച്ചിട്ടുണ്ട്.

(ബി) ടി തുക റോഡുവികസനത്തിനുവേണ്ടി ചെലവഴിച്ചിട്ടുണ്ട്. വകമാറ്റി ചെലവഴിച്ചിട്ടില്ല.

സർക്കാർ ജീവനക്കാർക്ക് പുതിയ കാർട്ടേഴ്സ് പണിയാൻ നടപടി

66 [1476] ശ്രീ. പി. കെ. അബ്ദുറബ്ബ്:

„ പി. കെ. കെ. ബാവ:

„ സി. മമ്മൂട്ടി:

„ വി. കെ. ഇബ്രാഹിംകുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവനന്തപുരത്തുള്ള ഓഫീസുകളിൽ ജോലിയുള്ള എത്രപേർ സ്റ്റാഫ് കാർട്ടേഴ്സിനുവേണ്ടി അപേക്ഷിച്ചിട്ടുണ്ട്;

(ബി) അപേക്ഷകരുടെ ബാഹുല്യം പരിഗണിച്ച് പുതിയ കാർട്ടേഴ്സ് പണിയുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 1410

(ബി ആന്റ് സി) ഉണ്ട്.

പത്തനംതിട്ട ജില്ലയിലെ വില്ലേജ് ആഫീസുകളുടെ പുനർ നിർമ്മാണം

67 [1477] ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ കുളനട, അയിരൂർ വില്ലേജ് ആഫീസുകളുടെ പുനർനിർമ്മാണത്തിനായി 2002-2003 ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടും പണി തുടങ്ങിയിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് തുടങ്ങുവാൻ കഴിയും;

(സി) ഈ ഓഫീസുകൾ ജീർണ്ണിച്ച് ദൈനംദിന പ്രവർത്തനത്തെപ്പോലും ബാധിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത വില്ലേജാഫീസുകളുടെ പണി എത്രയും വേഗം പൂർത്തിയാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്.

പയ്യന്നൂർ കോടതി കെട്ടിടനിർമ്മാണത്തിന്റെ പുരോഗതി

68 [1478] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കോടതി കെട്ടിടനിർമ്മാണത്തിന് എന്തു തുകയുടെ എസ്റ്റിമേറ്റിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്;

(ബി) നാളിതുവരെ എത്ര തുകയുടെ പ്രവൃത്തി നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നടപ്പ് സാമ്പത്തിക വർഷം പ്രവൃത്തി പൂർത്തീകരിക്കുവാൻ ആവശ്യമായ തുക അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly